# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *153** **07.03.2018-ൽ മറുപടിക്ക്**

**മട്ടന്നൂർ ഷുഹൈബ് വധക്കേസ് അന്വേഷണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. സി. ജോസഫ്<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. കെ. മുരളീധരൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) മട്ടന്നൂർ ഷുഹൈബ് വധക്കേസ് അന്വേഷണം ആരുടെ നേതൃത്വത്തിലാണ് നടക്കുന്നത്; | (എ) കണ്ണൂർ റേഞ്ച് ഐ.ജി. ശ്രീ.മഹിപാൽ യാദവ് ഐ.പി.എസ് -ന്റെ മേൽനോട്ടത്തിൽ കണ്ണൂർ ജില്ലാ പോലീസ് മേധാവി ശ്രീ. ജി. ശിവവിക്രം ഐ.പി.എസ്-ന്റെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘമാണ് മട്ടന്നൂർ ഷുഹൈബ് വധക്കേസ് അന്വേഷിക്കുന്നത്. |
| (ബി) അന്വേഷണത്തിന്റെ ഭാഗമായി നടത്തുന്ന റെയ്ഡ് ഉൾപ്പെടെയുള്ള വിവരങ്ങൾ പോലീസുദ്യോഗസ്ഥർ തന്നെ ചോർത്തുന്നുവെന്ന് ജില്ലാ പോലീസ് മേധാവിയായ ശിവവിക്രം സംസ്ഥാന പോലീസ് മേധാവി, ഉത്തര മേഖലാ ഡി.ജി.പി., കണ്ണൂർ റെയിഞ്ച് ഐ.ജി. എന്നിവർക്ക് രേഖാമൂലമോ അല്ലാതെയോ പരാതി നൽകിയിട്ടുണ്ടോ; | (ബി) ഇല്ല. |
| (സി) ഉണ്ടെങ്കിൽ അതിന്മേൽ അന്വേഷണം നടത്തിയോ; ആരാണ് വിവരങ്ങൾ ചോർത്തുന്നതെന്ന് കണ്ടെത്തിയിട്ടുണ്ടോ; കുറ്റക്കാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചോ; | (സി) ബാധകമല്ല. |

| | |
|---|---|
| (ഡി) ഔദ്യോഗിക മര്യാദക്ക് നിരക്കാത്ത പ്രവൃത്തി ചെയ്യുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് സംസ്ഥാന പോലീസ് മേധാവി പ്രഖ്യാപിക്കുവാനുണ്ടായ സാഹചര്യമെന്താണ്; | (ഡി) യും (ഇ) യും ഔദ്യോഗിക മര്യാദയ്ക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടികൾ സ്വീകരിക്കുമെന്ന പൊതുവായ പരാമർശമാണ് മാധ്യമ പ്രവർത്തകരുടെ ചോദ്യത്തിനുള്ള മറുപടിയായി സംസ്ഥാന പോലീസ് മേധാവി നൽകിയത്. |
| (ഇ) ഉത്തരവാദിത്ത ബോധത്തോടെ ജോലി ചെയ്യുന്ന പോലീസുദ്യോഗ സ്ഥരുടെ മനോവീര്യം തകർക്കുന്ന രീതിയിലുള്ള കാര്യങ്ങൾ ചെയ്യുന്ന പോലീസുദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ? | |

**സെക്ഷൻ ഓഫീസർ**